പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2094

06.10.2016-ൽ
മറുപടിയ്ക്ക്

കോട്ടയം ഡവലപ്പ്മെന്റ് കോറിഡോർ

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കോട്ടയം മണിപ്പുഴ റോഡ് (കോട്ടയം ഡവലപ്പ്മെന്റ് കോറിഡോർ) നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; | (എ) കോട്ടയം മണിപ്പുഴ റോഡിന്റെ ടാറിംഗ് ഒഴികെയുള്ള പണികളെല്ലാം പൂർത്തിയായിട്ടുണ്ട്. |
| (ബി) | ടാറിംഗ് അടക്കമുള്ള നടപടികൾ എന്നേയ്ക്ക് പൂർത്തിയാകും എന്ന് വിശദീകരിക്കാമോ? | (ബി) ചതുപ്പപ്രദേശം മണ്ണിട്ടുയർത്തി റോഡ് നിർമ്മിച്ചിരിക്കയാൽ നിലവിൽ 0.50 സെ.മീ മുതൽ 0.75 സെ.മീ വരെ റോഡിൽ സെറ്റിൽമെന്റ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സെറ്റിൽമെന്റ് Maximum ആകുന്നതിന് ഒരു സീസൺ സമയം ആവശ്യമാകയാലും നിലവിലെ വർക്കിൽ പൂർണ്ണമായ ടാറിംഗിന് തുകയില്ലാത്തതിനാലും നിലവിലുള്ള പ്രവൃത്തി ക്ലോസ് ചെയ്തതിനുശേഷം മാത്രമേ താഴ്ന്നഭാഗം ഉയർത്തി ടാറിംഗ് ഉൾപ്പെടെയുള്ള ബാക്കി ജോലികൾ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ